# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5457

## 24.05.2017 ലെ മറുപടിക്ക്

## <u>ആസ്തി വികസന ഫണ്ട്</u>

| ചോദ്യം<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ചെലവഴിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ആസ്തി വികസന പദ്ധതിയ്ക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കുലർ നം. 67/2015/ധന. തീയതി 22.07.2015 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(അ) നം. 41/2017/ധന. തീയതി 25.03.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 20.11.2009-ലെ സ.ഉ.(അ) നം. 518/2009/ധന. ഉത്തരവ് പ്രകാരം പ്രത്യേക വികസന നിധിയുടെ (എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട്) കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും അവ പൂർത്തിയാക്കുന്നതിനും നിശ്ചിത സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. 04.06.2013-ലെ സർക്കുലർ നം. 50/2013/ധന. പ്രകാരം പ്രത്യേക വികസന നിധിയുടെ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ അവ സമർപ്പിച്ച് ഒരു മാസത്തിനകം തന്നെ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

Slathal

**സെക്ഷൻ ഓഫീസർ**